# UP മലയാളം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
| --- | --- | --- | --- |
| ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ഭാഷാ പരമായ പിന്നാക്കാവസ്ഥ പരിഹരിക്കുക. | - അക്ഷരം, ചിഹ്നം ഉറപ്പിക്കൽ<br>- അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം.<br>- ഡയറി എഴുത്ത്.<br>- കോപ്പി എഴുത്ത് | ജൂലൈ - സെപ്തംബർ | മലയാളമധ്യാപകർ. |
| പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക | ക്ലാസ് തല വായന കോർണർ<br>പത്രവായന (ഉച്ചക്ക് 5 മിനിട്ട്)<br>കഥാ പുസ്തകങ്ങൾ, ബാലമാസിക എന്നിവ വായിക്കുക.<br>ലൈബ്രറി പുസ്തകസേവനം ഉറപ്പാക്കൽ എന്നിവയിലൂടെ പഠിതാക്കൾ വായിക്കുകയും അതുവഴി വായനശീലം ഉച്ചാരണ ശുദ്ധി വളർത്തുകയും ചെയ്യുന്നു. | ജൂലൈ - ഡിസംബർ | മലയാളമധ്യാപകർ |

| | | | |
|---|---|---|---|
| സാഹിത്യ കൃതികളോടും സാഹിത്യകാരന്മാരോടുമുള്ള അനുകൂല മനോഭാവം വളർത്തുകവഴി പഠിതാക്കളുടെ സർഗശേഷി വളർത്തൽ | വായനാദിന വാരാഘോഷം സംഘടിപ്പിക്കുന്നു. പോസ്റ്റർ നിർമ്മാണം. കൈയെഴുത്ത് മാസിക തയ്യാറാക്കൽ രചനാമത്സരങ്ങൾ സംഘടിപ്പിക്കുന്നു. | ജൂൺ- ജനുവരി | മലയാളാധ്യാപകർ |
| പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് ലഘുനാടകങ്ങൾ, ചൊൽക്കാഴ്ച ദൃശ്യാവിഷ്കാരം, അഭിനയം. | ജൂൺ- ഫെബ്രുവരി | മലയാളാധ്യാപകർ |

# മേഖല യു.പി. ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1) **5,6,7 ക്ലാസ് അക്ഷര ബോധം ഉറപ്പിക്കൽ.** ഹിന്ദി അഞ്ചാംതരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷര ങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക. പഠിപ്പിച്ചെടുക്കുക. | പുതിയ പദങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസിലാക്കി കൊടുത്ത് പഠിപ്പിക്കും. ചിത്രങ്ങൾ, അക്ഷരമാല ചാർട്ട് സിഡിയിൽ അക്ഷര രചന കാണിക്കൽ എന്നിവ. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 2) **ഹിന്ദി വായന**: തെറ്റു കൂടാതെ ഹിന്ദി വായിക്കു വാനുള്ള പരിശ്രമം ചെയ്യും. | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും മറ്റ് ഹിന്ദി ചിത്രകഥകൾ അതിന്റെ സി. ഡി. താഴെ ഹിന്ദിയിൽ വാക്യമുള്ളവ കാണിക്കും. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 3) **ഹിന്ദി സംസാരം**: ഹിന്ദി യിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കി എടുക്കും നിത്യജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാ രിക്കാനുള്ള ഭാഷ പരിചയ പ്പെടുത്തും. | ഹിന്ദി മാത്രം മിക്കവാറും ക്ലാസുകളിൽ ഉപയോഗിക്കും. അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും. ഹിന്ദിയിൽ മാത്രം സംസാരിക്കുന്ന വരെ ക്ലാസിൽ കൊണ്ടുവരും.<br>വായനയ്ക്ക്............<br>ഹിന്ദി തെറ്റിച്ച് അധ്യാപകൻ വായിക്കും കുട്ടികൾ ശ്രദ്ധ യോടെ അത് ശരിയാക്കി വായിക്കും.<br><br>മത്സരവായന തെറ്റാതെ ആവർത്തിക്കാതെ പാസില്ല ാതെ കൂടുതൽ വരി വായിക്കണം.<br>ആ കുട്ടിക്ക് സമ്മാനം നൽകുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |

അക്കാദമിക് മാസ്റ്റർ പ്ലാൻ
വിഷയം : ഇംഗ്ലീഷ്
5,6,7

ലക്ഷ്യം : ശരിയായി ഇംഗ്ലീഷ് വായിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു

പ്രവർത്തനങ്ങൾ :- Lend Your Ear
ദിനവും രാവിലെയായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. അതുമായി ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു

കാലം :- ജൂൺ, ജൂലൈ
ചുമതല : ഇംഗ്ലീഷ് അധ്യാപകർ
ICT : പ്രൊജക്ടർ, ലാപ്ടോപ്പ് എന്നിവയുടെ സഹായത്തോടെ ക്ലാസിൽ അവതരിപ്പിക്കുന്നു

Follow Me If You Can
ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു
കാലം :- ജൂൺ, ജൂലൈ
ചുമതല : ഇംഗ്ലീഷ് ക്ലബ്ബ്

Breaking News
ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം ശീലിക്കുവാൻ അവസരം നൽകുന്നു
കാലം : ജൂൺ, ജൂലൈ, ആഗസ്റ്റ്
ICT : ICT യുടെ സഹായത്തോടെ കുട്ടികൾക്ക് ഈ പ്രവർത്തനം നൽകുന്നു Cube ഇംഗ്ലീഷും ഇതിനായി വിനിയോഗിക്കുന്നു.
ചുമതല :- ഇംഗ്ലീഷ് ക്ലബ്, ഇംഗ്ലീഷ് അധ്യാപകർ

Treasure Hunt : വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിച്ച് വിവിധ അവസരമൊരുക്കുന്നു.
കുട്ടികൾക്ക് നറുക്ക് എടുക്കാൻ
അവസരം നൽകുന്നു. നറുക്കിൽ കിട്ടിയ
ടാം അവതരിപ്പിക്കാൻ അവസരം നൽകുന്നു

ഗ്രൂപ്പ് പ്രവർത്തനങ്ങളിലൂടെ കുട്ടികളുടെ
പങ്കാളിത്തം ഉറപ്പു വരുത്തുന്നു.
വിജയ ഗ്രൂപ്പിന് പോയിന്റ് നൽകുന്നു.

ചുമതല : ഇംഗ്ലീഷ് അധ്യാപകർ
പോയിന്റ് ഇടാൻ കുട്ടികളുടെ പ്രതിനിധി.

കാലം : ആഗസ്റ്റ്

ലക്ഷ്യം : 2, സ്വതന്ത്ര വായന പരിശീലിപ്പിക്കുന്നു

പ്രവർത്തനങ്ങൾ : I Too Can
വ്യത്യസ്ത തലങ്ങളിലായി വിവിധ വായന
കാർഡുകൾ ശേഖരിക്കുന്നു. തെറ്റുകൂടാതെ
വായിക്കുവാൻ അവസരം നൽകുന്നു.

കാലം : ജൂലൈ, ആഗസ്റ്റ്
ചുമതല : ഇംഗ്ലീഷ് അധ്യാപകർ,
കുട്ടികൾക്ക് വായനാ കാർഡുകൾ
നൽകുന്നു. അക്ഷരം കൂട്ടി വായിക്കാൻ പരിശീലനം
നൽകുന്നു. നന്നായി വായിക്കുന്ന കുട്ടികളെ
പിയർ ടീച്ചിംഗ് മാർഗത്തിലൂടെ കുട്ടികളെ
മുന്നോട്ട് കൊണ്ട് വരുന്നു. വായനയിലൂടെ പുതിയ
വാക്കുകൾ പഠിക്കാനും ഇംഗ്ലീഷിൽ കുട്ടികളുടെ
പദസമ്പത്ത് വർദ്ധിപ്പിക്കാനും അവസരം നൽകുന്നു

Reader of the Month
ഇംഗ്ലീഷ് ദിനപത്രം
വായിക്കുവാൻ അവസരം നൽകുന്നു. Reader of the Month

ആദരിക്കുന്നു
കാലം : മാസം തോറും
ചുമതല : ഇംഗ്ലീഷ് അധ്യാപകർ

അധ്യാപിക ഇംഗ്ലീഷ് പാഠം എടുക്കുന്നു
കുട്ടികളെ കൂടെ നിർത്തി വായിക്കാൻ
അവസരം നൽകുന്നു. പുതിയ വാക്കുകളുടെ
അർത്ഥം കണ്ടെത്താൻ ഡിക്ഷണറിയുടെ
സഹായം തേടുന്നു. ഡിക്ഷണറി ഉപയോഗിക്കാൻ
കുട്ടികളെ പരിശീലിപ്പിക്കുന്നു.

My Droplets :- കുട്ടികളുടെ കയ്യെഴുത്ത് ഉൾപ്പെടുത്തി ക്ലാസ് റൂമിൽ ഡിക്ഷണറി എന്നിവ തയ്യാറാക്കുന്നു
കാലം :- വർഷാവസാനം
ചുമതല :- ഇംഗ്ലീഷ് അധ്യാപകർ

Alert Zone : സൂചനാ ബോർഡുകൾ, പോസ്റ്ററുകൾ നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമുകളിലുമായി പ്രദർശിപ്പിക്കുന്നു.
ദിനാചരണങ്ങളിൽ
ചുമതല :- ഇംഗ്ലീഷ് അധ്യാപകർ

Fun Time Fun : കഥകൾ, കുസൃതി ചോദ്യങ്ങൾ പാട്ടുകൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു. ഒരു കുട്ടി ഒരു കടങ്കഥ എന്ന നിലയിൽ ചാർട്ടിൽ എഴുതി വായിക്കാൻ അവസരം നൽകുന്നു.
കാലം : എല്ലാ ഇംഗ്ലീഷ് പീരിയഡും
ചുമതല : ഇംഗ്ലീഷ് അധ്യാപകർ

ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്ന
ഇംഗ്ലീഷ് കഥകളിലൂടെയും
കവിതകളിലൂടെയും ഇംഗ്ലീഷ് ഭാഷയിൽ

ആത്മവിശ്വാസം നൽകാൻ കഴിയുന്നു.
അഞ്ചാം ക്ലാസിലായി കടംകഥകൾ, കഥയെഴുത്ത്
അതിന് Role play നാടകം എന്നിവയും
ഏഴാം ക്ലാസിൽ കവിതയുടെ ആസ്വാദനം, സംവാദം
കഥ, കവിതാരചനാ മത്സരം എന്നിവ നടത്തുന്നു

കാലം : വർഷാവസാനം
ചുമതല:- ഇംഗ്ലീഷ് അധ്യാപകർ

# Acadamic Master Plan UP- Science.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1, അൽഭുത കണ്ണിലൂടെ:- കൗതുകം, ജിജ്ഞാസ നിരീക്ഷണപാടവം എന്നിവ പരിപോഷിപ്പിക്കുക. | ലഘുപരീക്ഷണങ്ങൾ സജ്ജീകരിച്ച് ക്ലാസിൽ കുട്ടികൾ തന്നെ കാണിച്ച് കൊടുക്കുവാൻ അവസരം നൽകുന്നു. അധ്യാപകരുടെ സഹായത്തോടെ മോഡലുകൾ നിർമ്മിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ. |
| | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വസ്തുക്കളുടെ പ്രദർശനം | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | |
| | ക്ലാസ്സുകളിൽ ലഘു പ്രോജക്ടുകൾ കൊടുത്ത് മെച്ചപ്പെട്ടവ പൊതു വേദികളിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | |
| 2, ശാസ്ത്രലോകത്തേക്ക്:- നിരന്തരമായി അന്വേഷണം നടത്താനും ലഭിച്ച വിവരങ്ങൾ ക്രോഡീകരിച്ച് ചെയ്യാനുള്ള ശേഷി കൈവരിക്കുന്നു. | ക്ലാസുകളിൽ സെമിനാർ പേപ്പറുകൾ അവതരിപ്പിച്ച് മെച്ചപ്പെട്ടത് പൊതു വേദികളിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ. |
| | വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു. | അക്കാദമിക വർഷം ഒരു തവണ. | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്. |

| | | | | |
|---|---|---|---|---|
| | ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം / മുഴുവൻ | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്. |
| 3) ഹൈടെക് വേൾഡ്:- മാനവികതയിൽ ആനുകാലികതയുടെ ബോധം വളർത്തുക | മാസത്തിൽ ശാസ്ത്രലേഖനം ശാസ്ത്ര മാസിക പ്രസിദ്ധീകരിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പിടിഎ മാനേജ്മെന്റ്. |
| | സയൻസ് ലാബ് ഐടി ലാബ് എന്നിവ ആധുനികവത്കരിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ മാനേജ്മെന്റ്. |
| 4) ആരോഗ്യശീലം:- പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക. | കുട്ടികളുടെ ആരോഗ്യശീലം സൂക്ഷിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ മാനേജ്മെന്റ് |
| 5) വൈജ്ഞാനിക വിവര സ്വരൂപണം | ഔഷധ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കൽ, ഔഷധ തോട്ടം പച്ചക്കറി തോട്ടം നിർമ്മിക്കൽ. | അക്കാദമിക വർഷം | ആരോഗ്യ ക്ലബ് | കൃഷി വകുപ്പ്. |
| അന്വേഷണ ത്വര വർധിപ്പിക്കൽ, നേരിട്ട് അറിയൽ. | ചുറ്റുപാടുള്ള സാങ്കേതിക വിദ്യയും ചുറ്റുമുള്ള കണ്ടെത്തലുകളും പരിചയപ്പെടുക. | അക്കാദമിക വർഷം | സയൻസ് ക്ലബ് | |
| | സംസ്ഥാന ദേശീയ തലത്തിലുള്ള ക്വിസ്, സെമിനാർ, പ്രോജക്ട് മുതലായവയിൽ പങ്കെടുക്കുന്നു. | അക്കാദമിക വർഷം | സയൻസ് ക്ലബ് | രക്ഷിതാക്കൾ. |
| | ശാസ്ത്രകാരന്മാരുമായി സംവദിക്കൽ | അക്കാദമിക വർഷം / മുഴുവൻ | സയൻസ് ക്ലബ് | മാനേജ്മെന്റ്. |

# Academic Master Plan 2025-2026

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം. |
| --- | --- | --- | --- | --- |
| 1. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ ഉപയോഗപ്പെടുത്തൽ | സ്കൂൾ കെട്ടിടത്തിന് മുകളിൽ സൗരോർജ്ജ പാനൽ സ്ഥാപിച്ച് സ്കൂളിനാവശ്യമുള്ള വൈദ്യുതി ലഭ്യമാക്കൽ | 1 വർഷം | പി.ടി.എ. | 5 ലക്ഷം. MLA/MP ഫണ്ട് |
| 2. പഠന പിന്നോക്കാവസ്ഥയുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം | അധ്യാപകർ- കുട്ടി കുട്ടി- കുട്ടി (Peer Group) എന്നിങ്ങനെ ഇരുതലത്തിൽ പരിശീലനം | ആഴ്ചയിൽ 2 ദിവസം | SRG, സയൻസ് ടീച്ചർ | - |
| 3. ശാസ്ത്ര മാസിക, ശാസ്ത്ര പതിപ്പ് തയ്യാറാക്കൽ | കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്ര സംബന്ധമായ അറിവുകൾ, ലേഖനങ്ങൾ, കവിതകൾ ഇവയെല്ലാം ഉപയോഗപ്പെടുത്തി ശാസ്ത്രമാസിക, ശാസ്ത്ര പതിപ്പ് എന്നിവ തയ്യാറാക്കൽ | 6 മാസത്തിൽ ഒരിക്കൽ | SRG, സയൻസ് ടീച്ചർ | - |
| 4. ചോദ്യപേപ്പർ ശില്പശാല സംഘടിപ്പിക്കൽ, ബ്ലോഗിൽ ചേർക്കൽ | തെരഞ്ഞെടുക്കപ്പെട്ട കുട്ടികളെ ഉപയോഗപ്പെടുത്തി ചോദ്യപേപ്പർ ശില്പശാല സംഘടിപ്പിച്ച് ചോദ്യങ്ങൾ തയ്യാറാക്കൽ - ചോദ്യപേപ്പർ ബ്ലോഗിൽ upload ചെയ്യൽ | 3 മാസം | SRG, സയൻസ് ടീച്ചർ | 1000/- PTA |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 5. കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ | ശാസ്ത്ര തത്വങ്ങൾ ലളിതമായ പരീക്ഷണങ്ങളിലൂടെയുള്ള കുട്ടികളുടെ അവതരണം, പരീക്ഷണകാഴ്ച, പരീക്ഷണങ്ങൾ പൊതു സമൂഹത്തിനു മുന്നിൽ പ്രദർശിപ്പിക്കൽ | വർഷത്തിൽ 1 തവണ | സയൻസ് ക്ലബ്ബ് | 1000/- പി.ടി.എ |
| | * സ്കൂൾ തല സയൻസ് എക്സിബിഷൻ | വർഷത്തിൽ 1 തവണ | സയൻസ് ക്ലബ്ബ് | - |
| | * ഗവേഷണാത്മക പ്രോജക്ട് ചെയ്യുന്നതിന്റെ പഠനം by സർവ്വേ, അഭിമുഖം, നിരീക്ഷണം | ആവശ്യമുള്ള സന്ദർഭങ്ങളിൽ | സയൻസ് ക്ലബ്ബ് | പി.ടി.എ. |
| 6. ശാസ്ത്രമേളകളിൽ പൂർണ്ണ പങ്കാളിത്തം ഉറപ്പുവരുത്തൽ | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകൽ | 1 വർഷത്തിൽ 3 ദിവസം | സയൻസ് ക്ലബ്ബ് | പി.ടി.എ. |
| 7. ശാസ്ത്രലാബ് നവീകരണം<br>ശാസ്ത്രലാബിനെ ആധുനികമായി നവീകരിക്കൽ | ഫിസിക്സ്, കെമിസ്ട്രി, ബയോളജി വിഭാഗങ്ങൾക്കായി വെവ്വേറെ ഉപകരണങ്ങളും മറ്റു സാമഗ്രികളും പ്രത്യേകം പ്രത്യേകം സജ്ജീകരിക്കൽ | ജനുവരി മുതൽ 1 മാസം | സയൻസ് ടീച്ചേഴ്സ് | |

# UP - ഗണിതം

Standard - 5.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| 3 അക്ക സംഖ്യയെ 3 അക്ക സംഖ്യ കൊണ്ട് കൂട്ടുക, കുറയ്ക്കുക. | 1. പ്രീടെസ്റ്റ് തയ്യാറാക്കി കുട്ടികളെ തരം തിരിക്കൽ.<br>2. വലിയ സംഖ്യ ഏത് ചെറിയ സംഖ്യ ഏത് എന്ന് തിരിച്ചറിയൽ<br>3. എല്ലാ ദിവസവും ഇതിൽ 5 ചോദ്യങ്ങൾ വീതം ചെയ്യിപ്പിക്കുന്നു. | ആദ്യത്തെ 5 മാസം. |
| 5 വരെയുള്ള ഗുണനപ്പട്ടിക മനപാഠമാക്കൽ | 1. പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് മുൻഗണന കൊടുക്കൽ.<br>2. ദിവസവും പട്ടിക ചൊല്ലുന്നു | November, December January February. |

## Standard - 6

| ലക്ഷ്യം | പ്രവർത്തനം | കാലം. |
|---|---|---|
| 1. സംഖ്യകളെ കൂട്ടാനും കുറയ്ക്കാനും | 1. പ്രീടെസ്റ്റ് നടത്തുക<br>2. ദിവസവും ക്ലാസിൽ 5 ചോദ്യങ്ങൾ വീതം പരിശീലിപ്പിക്കുന്നു. | ആദ്യത്തെ 5 മാസം. |
| 2. ഗുണനപട്ടിക | ഗുണനപട്ടിക മനപാഠമാക്കൽ.<br>3 അക്കസംഖ്യയെ 2 അക്കസംഖ്യകൊണ്ട് ഗുണിക്കാനുള്ള പരിശീലനം | |
| 3. ഹരണം | 1. എല്ലാ ദിവസവും ഗുണനപട്ടിക പരിശീലിപ്പിക്കുക.<br>2. 3 അക്ക സംഖ്യ വരെ ഉള്ള ഹരണം | ബാക്കി 4 മാസം. |

Standard-7

| ലക്ഷ്യം | പ്രവർത്തനം | കാലം. |
|---|---|---|
| ഗുണനപട്ടിക മനപാഠമാക്കൽ | 1. പ്രീടെസ്റ്റ് നടത്തുക.<br>2. എല്ലാ ദിവസവും ക്ലാസിൽ 5 ചോദ്യങ്ങൾ വീതം പരിശീലനം | ആദ്യത്തെ 5 മാസം |
| ചതുഷ്ക്രിയകൾ ഉറപ്പിക്കൽ. | 3 അക്കസംഖ്യയെ മൂന്ന് അക്കസംഖ്യകൊണ്ട് കൂട്ടുക, കുറയ്ക്കുക.<br>സംഖ്യകൾ തമ്മിലുള്ള ഗുണനം ഹരണം | ബാക്കി 4 മാസം. |

മാസ്റ്റർ പ്ലാൻ - 2025-26.

അറബി. (U.P & HS).

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം (കാലയളവ്) | ഭൗതികം | ചുമതല |
|---|---|---|---|---|
| 1. അറബി ഭാഷ പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും നേടുക. ഭാഷയിലെ ഓരോ ലുളള അക്ഷരങ്ങൾ ഉച്ചരിക്കുമ്പോഴും എഴുതുമ്പോഴും വ്യത്യാസമെന്ന് മനസ്സിലാക്കി ഉപയോഗിക്കുവാൻ കുട്ടിക്ക് സാധിക്കുക. ആപചെട്ടുത്തു കഴ്യം ചെയ്യുക. | ടെസ്റ്റ് നടത്തി ഭാഷാ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുന്നു. അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം അനുഭവിക്കുന്നവർക്കു വേണ്ടി അക്ഷര കാർഡുകൾ തയ്യാറാക്കുന്നു. ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുകയും അവർക്ക് ആവശ്യമായ പരിഗണന നൽകുകയും ചെയ്യുന്നു. | 3 മാസം ജൂൺ - ജൂലൈ ആഗസ്റ്റ്. | പുസ്തകങ്ങൾ കാർഡുകൾ. | |
| II - അറബി ഭാഷാശേഷി | പുതിയ പദങ്ങൾ പരിചയപ്പെടൽ :- പാഠപുസ്തകത്തിലൂടെ വാക്യങ്ങൾക്കും പദങ്ങൾക്കും പുതുമ - | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | ചുമതല |
|---|---|---|---|---|
| വർധിപ്പിക്കുക.— പദസമ്പത്ത് അധികരിപ്പിക്കുക. | 5 പദങ്ങൾ ശേഖരിക്കൽ. സാധാരണ ദൈനംദിനകാര്യങ്ങളിൽ ഉപയോഗിക്കുന്ന വാക്കുകൾ പരിശീലിപ്പിക്കുക. | ജൂൺ to മാർച്ച്. | പുസ്തകങ്ങൾ/ കാർഡുകൾ സി.ഡികൾ | |
| III - വായന. കുട്ടികളിൽ വായനാപ്രോത്സാഹിപ്പിക്കുക, വായനാശീലം വളർത്തുക, നല്ല വായനക്കാരാവുക. | അറബി ക്ലാസ്സ് ലൈബ്രറി, school ലൈബ്രറി ശാക്തീകരണം, പുതിയ അറബി പുസ്തകങ്ങൾ ശേഖരിക്കുന്നു. കഥകൾ കവിതകൾ, ചിത്രകഥകൾ ... വായനാ കോർണർ സ്ഥാപിക്കുന്നു. | 6 മാസം ജൂൺ to നവംബർ | school - ലൈബ്രറി പുസ്തകങ്ങൾ. | |
| IV - എഴുത്ത്. എഴുതാനുള്ള കഴിവ് വികസിപ്പിക്കുന്നു. | ക്ലാസ്സിൽ സ്ഥിരമായ copy എഴുത്ത്, ക്ലാസ്സ് കയ്യെഴുത്ത് മാഗസിനുകൾ നിർമ്മിക്കുന്നു. | സെപ്റ്റംബർ to നവംബർ. | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | [illegible] |
|---|---|---|---|---|
| V- ദിനാചരണങ്ങൾ<br>ദിനാചരണത്തെ കുറിച്ച് അവബോധം ഉണ്ടാകുന്നു. | ദിനാചരണങ്ങൾ സംഘടിപ്പിക്കുന്നു. അതുമായി ബന്ധപ്പെട്ട് അനവധി പോസ്റ്ററുകൾ പ്രദർശിപ്പിക്കുന്നു. ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുന്നു. പ്രതിഭകളെ കണ്ടെത്തുകയും ചെയ്യുന്നു. | ജൂൺ to മാർച്ച്. | | |
| | | | | |

## വിഷയം: സംസ്കൃതം HS/UP

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • സംസ്കൃത ഭാഷ വായിക്കാനും എഴുതാനും ഉള്ള ശേഷി ഉണ്ടാക്കിയെടുക്കുക. ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ. | (1) സംസ്കൃതാക്ഷരങ്ങൾ എഴുതി ശീലിപ്പിക്കൽ ചിഹ്നങ്ങൾ ഉറപ്പിക്കൽ. | രണ്ടു മാസം June-July | സംസ്കൃതാധ്യാപകർ | PTA Dept. |
| | (2) വാക്യനിർമ്മാണം | രണ്ടു മാസം June-July | | |
| • കുട്ടികളെ എല്ലാവരെയും വായനക്കാരാക്കുക. | ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക ക്ലാസ്. | 1 വർഷകാലം | | |
| • ദിനാചരണങ്ങൾ മനസ്സിലാക്കുക അതിന്റെ പ്രാധാന്യം മനസ്സിലാക്കൽ | (3) ദിനാചരണങ്ങൾ മനസ്സിലാക്കികൊണ്ടുള്ള അതതു സന്ദർഭോചിത പ്രവർത്തനങ്ങൾ ചെയ്യിക്കുക. | 1 വർഷം. | സംസ്കൃതാധ്യാപകർ | |
| സംസ്കൃതദിനാഘോഷത്തിന്റെ പ്രാധാന്യം കുട്ടികൾ മനസ്സിലാക്കൽ. അതിനുള്ള അവസരം ഉണ്ടാക്കൽ. | (4) സംസ്കൃതസംഗമം. അതിനോടനുബന്ധിച്ച് കുട്ടികളെ തയ്യാറാക്കൽ | | സംസ്കൃതാധ്യാപകർ. | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| പദസമ്പത്ത് വർദ്ധിപ്പിക്കൽ. | (5) പുതിയ പദങ്ങൾ കണ്ടെത്തിയെഴുതാനുള്ള പ്രവർത്തനം നൽകി. അവരിൽ പദസമ്പത്ത് കൂട്ടൽ ഉണ്ടാക്കിയെടുക്കാനുള്ള പ്രവർത്തനം | ഈ വർഷം June- March. | സംസ്കൃതാധ്യാപിക | PTA Dept. |
| രചനാശേഷി ഉണ്ടാക്കിയെടുക്കൽ. | (6) ഉപന്യാസരചന, കഥകൾ തുടങ്ങിയവ എഴുതി ശീലിപ്പിക്കുക. | ഈ വർഷം June- March | സംസ്കൃതാധ്യാപിക | |

# ACADEMIC MASTER PLAN. H.S. MALAYALAM.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| 1. ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കുക. [Std 8, 9] | → അക്ഷരം, ചിഹ്നം ഉറപ്പിക്കൽ<br>→ കൂട്ടക്ഷരം - ചാർട്ട്, പദചാർട്ട് നിർമ്മാണം. ചിഹ്നം ചേർത്ത് പദനിർമ്മാണം.<br>→ ദിവസവും കോപ്പി എഴുത്ത്.<br>→ പാഠപുസ്തകത്തിലെ കഠിന പദങ്ങൾ കണ്ടെത്തൽ, വായന എഴുത്ത്. | ജൂലൈ - സെപ്റ്റംബർ | മലയാളം അധ്യാപകർ |
| 2. അർത്ഥപൂർണ്ണമായി വായിക്കുക. ആശയഗ്രഹണം സാധ്യമാക്കുക. | → ക്ലാസ് തല വായന കോർണർ<br>→ പത്രവായന (ദിവസവും 5 മിനിട്ട്)<br>→ ലൈബ്രറി പുസ്തകങ്ങൾ വായനക്കായി നൽകി ഉപയോഗപ്പെടുത്തുക.<br>→ അക്ഷരഗാനങ്ങൾ, മലയാളം പിക് അപ് ലൈൻസ് നൽകി വായന ശീലിപ്പിക്കുക.<br>→ പഴഞ്ചൊല്ലുകൾ കണ്ടെത്തി വായന<br>→ പാഠപുസ്തക വായന പരിപോഷണം.<br>→ കഥാപുസ്തകം വായന. | ജൂലൈ - ഡിസംബർ. | മലയാളം അധ്യാപകർ |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| 3. സാഹിത്യാഭിരുചി വളർത്തി സർഗാത്മകത പരിപോഷിപ്പിക്കുക. | → പാഠഭാഗത്തെ ദൃശ്യാവിഷ്കാരം നടത്തുക<br>→ വിവിധ വ്യവഹാരരൂപങ്ങളിൽ ആവിഷ്കാരം.<br>→ കവിതാരചന [വിദ്യാരംഗം] - മത്സരം - പരിപോഷണം<br>→ കൈയെഴുത്ത് മാസികാ തയ്യാറാക്കൽ<br>→ ക്ലാസ് തല പതിപ്പുകൾ നിർമ്മാണം. | ജൂലൈ - ജനുവരി | മലയാളം അധ്യാപകർ |
| 4. IT സാധ്യത ഭാഷയിൽ പ്രയോജനപ്പെടുത്തൽ | → മലയാളം കീബോർഡ് ടൈപ്പിംഗ് - പരിശീലനം.<br>→ പദബാങ്ക് നിർമ്മാണം. | 2 മാസം. | മലയാളം അധ്യാപകർ |

# ENGLISH Academic Masterplan 2025 - 26

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിഭവങ്ങൾ |
|---|---|---|---|---|
| 1. ഇംഗ്ലീഷിൽ ഭാഷാ വിഷയം [illegible] വിനിമയം നടത്താൻ പ്രാപ്തി നേടുക. | Spoken English<br>English Library<br>English corner<br>English Assembly | Academic year | PTA, Teachers, English club | Management<br>English Club<br>PTA |
| 2. ഇംഗ്ലീഷിലുള്ള ഭാഷാ വിനിമയ ശേഷികൾ വർദ്ധിപ്പിക്കുക | Cinema, Documentary, cartoon, Profile, Script എന്നിവ തയ്യാറാക്കുന്നതിന് വേണ്ടി English Cinema - ക്ലബ്ബ് പ്രദർശനം<br>English Day, Choreography of poems of selected authors from English, Role play, Story telling | Class room activities | Teachers, SRG, English club | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക സ്രോതസ്സ് |
| --- | --- | --- | --- | --- |
| 3. സ്വതന്ത്രമായി വായിക്കുന്നതിനും എഴുതുന്നതിനും സജ്ജരാക്കിയെടുക്കുക. | Word Card, Sentence Card Writing articles, Story, Notice, Slogan making, Poster making, Essay Writing | class room activities | PTA, Teachers | Management English Club PTA |
| 4. കവിതാ രചന, നിരൂപണം തുടങ്ങിയവയിൽ പ്രോത്സാഹിപ്പിക്കുക | ഇംഗ്ലീഷ് audio കേൾക്കാൻ അവസരമൊരുക്കുന്നു. Poem writing, recitation എന്നിവ ഉൾപ്പെട്ട പരിപാടികൾ ഉണ്ടാക്കുന്നു Book Reviews | Two or Three times in a year | Teachers, English Club | |
| 5. സാങ്കേതിക വിദ്യ, ദൃശ്യ ശ്രാവ്യങ്ങൾ ഇംഗ്ലീഷ് ഭാഷാ പഠനത്തിന് ഉപയോഗിക്കുക | English fest, English film തുടങ്ങിയവ കാണാൻ ഉള്ള അവസരം | Two times in an academic year | Teachers, PTA English club | |

| നമ്പർ | പ്രവർത്തനങ്ങൾ | കാലയളവ് | ക്ലാസ്സ് | ചുമതല | ലക്ഷ്യം |
|---|---|---|---|---|---|
| 1 | പ്രീ ടെസ്റ്റ് - കുട്ടികളുടെ നിലവാരം മനസ്സിലാക്കാൽ | ജൂൺ ആദ്യ 2 വാരം | 8 | ഹിന്ദി അധ്യാപകൻ | എല്ലാ കുട്ടികൾക്കും എഴുതാനും വായിക്കുവാനും കഴിയുമോ എന്നറിയാൻ CSWSN കുട്ടികൾക്ക് വേണ്ട സഹായം നൽകുവാനും. |
| 2 | കുട്ടികൾക്ക് അക്ഷരങ്ങൾ വീണ്ടും ഓർക്കുവാൻ കോപ്പി എഴുത്ത്, അക്ഷരത്തിൽ തുടങ്ങി പാഠഭാഗങ്ങളിലേയ്ക്ക്. | ജൂൺ രണ്ടാം വാരം മുതൽ തുടർച്ചയായി . | 8,9 | ഹിന്ദി അധ്യാപകൻ | അക്ഷരം ഉറപ്പിക്കൽ. |
| 3 | കുട്ടികൾക്ക് പുത്തൻ ഉണർവ് നൽകാവുന്ന , ഭാഷാപോഷിണി പ്രവർത്തനങ്ങൾ . പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തയ്യാറാക്കുന്നു.CWSN,SLOW LEARNER കുട്ടികളെ വിലയിരുത്തി അവരുടെ കഴിവിനെയും മാനസികാവസ്ഥയും കണക്കിലെടുത്തുകൊണ്ട് നടത്താവുന്ന പ്രവർത്തനങ്ങൾ | ജൂൺ രണ്ടാം വാരം മുതൽ തുടർച്ചയായി | 8,9,10 | ഹിന്ദി അധ്യാപകൻ | നിലവാരമുയർത്തൽ |
| 4 | ദിനാചരണങ്ങൾ – പോസ്റ്റർ,കഥാരചന,കവിതാ രചന | ദിനാചരണം | 8,9,10 | ഹിന്ദി അധ്യാപകൻ, മറ്റ് അധ്യാപകർ | ഭാഷാപരമായ പുരോഗമനം ദിനാചരണ പ്രാധാന്യങ്ങൾ. |
| 5 | ഓരോ ക്ലാസ്സിലും ദിവസവും ഹിന്ദി വായിപ്പിക്കുക, ദൈനംദിന വാക്കുകൾ ഹിന്ദിയിൽ പരിശീലിപ്പിക്കുക., ഹിന്ദിയിൽ എണ്ണം,ആഴ്ച,മാസം എന്നിവയുടെ ദിവസവുമുള്ള പരിശീലനം. | പ്രതി ദിനം | 8,9,10 | ഹിന്ദി അധ്യാപകൻ | ഭാഷാപരമായ പുരോഗമനം |
| 6 | ഹിന്ദിയിൽ വാർത്തകൾ,ഓഡിയോ ക്ലിപ്പുകൾ എന്നിവ കേൾപ്പിക്കൽ | | 6 മാസം | ഹിന്ദി അധ്യാപകൻ | " |
| 7 | ഹിന്ദി അസംബ്ലി | ദിനാചരണം | 8,9,10 | ഹിന്ദി അധ്യാപകൻ | " |
| 8 | ഹിന്ദി വീഡിയോകൾ , സിനിമകൾ എന്നിവയുടെ പ്രദർശനം | അവധികളിൽ | 8,9,10 | ഹിന്ദി അധ്യാപകൻ | " |

| | | | | | |
|---|---|---|---|---|---|
| 9 | കൈയ്യെഴുത്ത് പ്രതി തയ്യാറാക്കൽ | ജനുവരി/ ഫെബ്രുവരി | 8,9,10 | ഹിന്ദി അധ്യാപകർ | - |
| 10 | CWSN, SLOW LEARNERS കുട്ടികൾക്കായി പ്രത്യേകം പസിലുകൾ, ഐസിടി മുഖാന്തിരം പലവർണ്ണങ്ങളിൽ ആകർഷകായി അക്ഷരാല അവതരണം | ആഴ്ചയിൽ 2 പ്രാവശ്യം | 8,9,10 | ഹിന്ദി അധ്യാപകർ | - |
| 11 | ഹിന്ദിയിലുള്ള ഡയറിക്കുറിപ്പുകൾ, ജീവനികൾ, ആത്മകഥകൾ, കവിതകൾ, കഥകൾ എന്നിവ വായിപ്പിക്കുക. | ആഴ്ചയിൽ 1 പ്രാവശ്യം | 8,9,10 | ഹിന്ദി അധ്യാപകർ | - |

| ക്ലാസ് | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | വിലയിരുത്തൽ |
|---|---|---|---|---|---|
| VIII | 1. പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക | കാടും മേടും: ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം മുഴുവനായി നടത്താൻ നിശ്ചയിച്ച തിയതികളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| | 2. ജനാധിപത്യം ഒരു ജീവിത രീതിയാക്കുവാനും പൗര-മൂല്യബോധങ്ങൾ വളർത്തുക. | ഒന്നായി നമ്മൾ: സ്കൂൾ പാർലമെന്റ്, മോക് പാർലമെന്റ്, പൗരബോധം ഉയർത്താനുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | തെരഞ്ഞെടുത്ത തിയതികളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| IX | 3. ഭൂപടവായന കുട്ടികളിൽ വളർത്തുക, സ്ഥാനനിർണ്ണയം നടത്തുവാൻ പഠിക്കുക. | സുവർണ്ണ പാതയിലൂടെ: ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു. ഭൂപട വായന പ്രോത്സാഹിപ്പിക്കുന്നു. അറ്റ്ലസ്, മാപ്പുകൾ, ഗ്ലോബുകൾ എന്നിവ പരിചയപ്പെടുത്തുന്നു. | വർഷം മുഴുവൻ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

| | | | | |
|---|---|---|---|---|
| 4. കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക. | നവ സിനിമ വ്യൂ : സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല ഉൾക്കൊള്ളിച്ചിരിക്കുന്ന ക്ലിപ്പുകൾ, ദിനാചരണങ്ങൾ, [illegible] കുറിച്ച് വ്യക്തമായ ധാരണ നൽകുന്നു. വീഡിയോ പ്രദർശനം (സിനിമ പ്രദർശനം) | വർഷം മുഴുവൻ | സാമൂഹ്യശാസ്ത്ര അധ്യാപകർ. | |

# മേഖല – ഹൈസ്കൂൾ – സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1) **അത്ഭുത കണ്ണിലൂടെ:** കൗതുകം, ജിഞ്ജാസ നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക. | ലഘു പരീക്ഷണങ്ങൾ സഹപാഠികൾക്ക് മുമ്പിൽ കുട്ടികൾ തന്നെ കാണിച്ച് കൊടുക്കുവാൻ അവസരം നൽകുന്നു. മോഡലുകൾ നിർമ്മിക്കുവാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞ് കൊടുത്ത് കുട്ടികളെ കൊണ്ട് മോഡൽ നിർമ്മിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ |
| | പാഠങ്ങളുമായി ബന്ധപ്പെട്ട് വസ്തുക്കളുടെ പ്രദർശനം. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | |
| | ക്ലാസുകളിൽ ലഘു പ്രോജക്ട് കൊടുത്ത് മെച്ചപ്പെട്ടത് സ്കൂളിൽ പൊതുവേദിയിൽ അവതരിപ്പിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | |
| 2) **ശാസ്ത്ര ലോക ത്തേക്ക്:** നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്നു. | വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ |
| | ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം 1 തവണ | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |
| 3) **ഹൈടെക് വേൾഡ്:** മാനവികതയിൽ ഊന്നിയുള്ള ശാസ്ത്ര ബോധം വളർത്തുക. | ക്ലാസുകളിൽ ശാസ്ത്ര ലൈബ്രറി, ശാസ്ത്ര മാസിക പ്രസിദ്ധീകരണം | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| | സയൻസ് ലാബ്, ഐ.ടി. ലാബ് എന്നിവ ആധുനിക വൽക്കരിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| 4) **ആയുർരേഖ:** പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക. | കുട്ടികളുടെ ആരോഗ്യരേഖ സൂക്ഷിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |

## മേഖല – ഹൈസ്കൂൾ – സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| | തണൽ വൃക്ഷങ്ങൾ നട്ട് പിടിപ്പിക്കൽ, ഉള്ള സൗകര്യത്തിൽ ഔഷധത്തോട്ടവും പച്ചക്കറി തോട്ടവും നിർമ്മിക്കൽ. | അക്കാദമിക വർഷം | ആരോഗ്യ ക്ലബ്ബ്, ഹരിത സേന സീഡ് | കൃഷി വകുപ്പ്, ഹരിത സേന സീഡ് |
| | സമ്പൂർണ്ണ പ്ലാസ്റ്റിക്ക് നിരോധിത ക്യാമ്പസ് | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | |
| 5) **വൈജ്ഞാനിക ബഹിർസ്ഫുരണം:** അന്വേഷണ തൃഷ്ണ വർദ്ധിപ്പിക്കൽ, നേരറിവ് നേടൽ | പുതുപുത്തൻ സാങ്കേതിക വിദ്യയും പുത്തൻ കണ്ടെത്തലുകളും പരിചയപ്പെടുന്നു. | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | |

| മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|
| ആരോഗ്യ- കായിക വിദ്യാഭ്യാസം (Std IX - ദഹനവും പോഷകസംവഹനവും) | സ്കൂളിലെ മുഴുവൻ കുട്ടികൾക്കും Zumba dance പരിശീലിപ്പിക്കുക | ജൂൺ 1 മുതൽ ജനുവരി 30 വരെ | സ്കൂളിലെ [illegible], കായിക അധ്യാപകർ. | PTA | എല്ലാ ആഴ്ചയും ഉള്ള PTE Period കുട്ടികൾക്ക് പരിശീലനം നൽകാനായി ഉപയോഗിക്കുന്നു. |

# അക്കാദമിക മാസ്റ്റർ പ്ലാൻ - ഗണിതം - ക്ലാസ് -8

| SR. No. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1, | ആശയ ധാരണം കൈവരിക്കൽ. | • പ്രീടെസ്റ്റ് നടത്തി പിന്നോക്കക്കാരെ<br>• മാത്സ് ക്ലിനിക്ക്. | ജൂൺ ആദ്യ-വാരം | അധ്യാപകർ, മുന്നോക്കം നിൽക്കുന്ന കുട്ടികൾ. | — |
| 2, | നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | • ഇൻസ്ട്രുമെന്റ് ബോക്സിന്റെ ലഭ്യത.<br>• ശിൽപശാലകൾ. | തുടർ പ്രവർത്തനം. | അധ്യാപകർ. | പി.ടി.എ. |
| 3, | ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടൽ | • ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. | ഒരു ടേമിൽ ഒന്ന്. | അധ്യാപകർ | പി.ടി.എ. |
| 4, | രക്ഷിതാക്കളെ ബോധവൽക്കരിക്കൽ. | • മാസത്തിൽ ഒരു പി.ടി.എ. നടത്തുന്ന ചുമതലകൾ നൽകുന്നു. | എല്ലാ അധ്യാപകരും. | H.M, അധ്യാപകർ, P.T.A. പ്രസിഡന്റ്. | — |
| 5, | ഗണിത ലാബ് | • ശില്പശാലകളിലൂടെ ലാബിലേക്ക് ആവശ്യമായ പഠനോപകരണങ്ങൾ ശേഖരിക്കൽ. | മെയ് / ജൂൺ | ക്ലബ്ബ് സെക്രട്ടറി, അധ്യാപകർ, P.T.A. | P.T.A |

# അക്കാദമിക മാസ്റ്റർ പ്ലാൻ - ഗണിതം - ക്ലാസ് - 9.

| Sl. No. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം. |
|---|---|---|---|---|---|
| 1, | നിർമ്മിതികളിലെ ശേഷി കൈവരിക്കൽ. | • ഇൻസ്ട്രുമെന്റ് ബോക്സിന്റെ ലഭ്യത.<br>• ശില്പശാലകൾ. | തുടർ പ്രവർത്തനം. | അധ്യാപകർ. | പി.ടി.എ |
| 2, | സംഖ്യാബോധം ഉണ്ടാക്കൽ. | • സംഖ്യാപഠനം. | തുടർ പ്രവർത്തനം | അധ്യാപകർ | — |
| 3, | ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിത രൂപങ്ങൾ, അളവുകൾ ഇവ പരിചയപ്പെടൽ | • ശില്പശാല നടത്തുന്നു.<br>• ക്ലബ്ബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | • അക്കാദമിക വർഷത്തിൽ ഒന്ന്. | • അധ്യാപകർ.<br>• ഗണിത ക്ലബ്ബ് | പി.ടി.എ |
| 4, | ഗണിത മത്സരവേദികളിൽ, മേളകളിൽ ഉൽകൃഷ്ടത കൈവരിക്കൽ. | • ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ.<br>• മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ. | • മാസത്തിൽ ഒന്ന്. | • ക്ലബ്ബ് സെക്രട്ടറി<br>• അധ്യാപകർ | പി.ടി.എ. |

# അക്കാദമിക മാസ്റ്റർ പ്ലാൻ - ഗണിതം - ക്ലാസ് - 10

| Sl. No. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1, | ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിത രൂപങ്ങൾ, അളവുകൾ എന്നിവ പരിചയപ്പെടൽ | • ക്ലബ്ബ് പ്രവർത്തനങ്ങൾ സജീവമാക്കുന്നു.<br>• ശില്പശാല നടത്തുന്നു. | അക്കാദമിക വർഷത്തിൽ ഒന്ന്. | • ഗണിത ക്ലബ്ബ്<br>• അധ്യാപകർ | P.T.A |
| 2, | അധ്യാപകർ കാലാനുസൃതമായി ചെയ്ത് ചെറിയ ക്ലാസ് മുതലുള്ള തുടർപഠനം സാധ്യമാക്കി കുട്ടികളിൽ അടിസ്ഥാനം ഉറപ്പിക്കുന്നു. | • വിഷയ സമിതിയുടെ മികച്ച പ്രവർത്തനം, ഇടപെടൽ, ചർച്ചകൾ, പഠനാസൂത്രണം എന്നിവ കൂട്ടായ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം കൈവരിക്കുന്നു. | അക്കാദമിക വർഷം, തുടർ പ്രവർത്തനം. | • വിഷയ സമിതി കൺവീനർ<br>• അധ്യാപകർ | — |
| 3, | ഗണിത വിഷയത്തിന് കുട്ടികളുടെ മികച്ച ഭാവനകൾ | • ഗണിത ഗ്രാമം.<br>• കുട്ടികൾ കൂടാതെ സമീപപ്രദേശങ്ങളിലെ ഗണിത അധ്യാപകരും ചേർന്നുള്ള കൂട്ടായ്മ. | ശനിയാഴ്ചകളിലും, മറ്റ് അവധി ദിവസങ്ങളിലും | • ഗണിത അധ്യാപകർ | • ഗണിത ക്ലബ്ബ്<br>• മാനേജ്മെന്റ്<br>• പി.ടി.എ |
| 4, | ഗണിത മത്സരവേദികളിലേക്ക്, മേളകളിലേക്ക് ഊർജ്ജസ്വലത കൈവരിക്കൽ | • ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ, മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ. | മാസത്തിൽ ഒന്ന്. | • ക്ലബ്ബ് സെക്രട്ടറി<br>• അധ്യാപകർ | • പി.ടി.എ |